# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

### 2019 ജനുവരി 29, ചൊവ്വ

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 437

#### പുതിയ വാഹനങ്ങൾ വാങ്ങുന്നതിനുള്ള അനുമതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. മഞ്ഞളാംകുഴി അലി | ശ്രീ. തോമസ് ഐസക്,<br>ബഹു. ധനകാര്യവും, കയറും വകുപ്പ് മന്ത്രി |
| (എ) സംസ്ഥാനത്തുണ്ടായ പ്രളയത്തിനുശേഷം വിവിധ വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും മന്ത്രിമാർക്കുമായി പുതിയ വാഹനങ്ങൾ വാങ്ങിയിട്ടുണ്ടോ; എങ്കിൽ ഇതിനായി ധനവകുപ്പ് എത്ര രൂപയുടെ അനുമതി നൽകിയിട്ടുണ്ട്; | വാങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രളയത്തിനുശേഷം വിവിധ വകുപ്പുകൾക്കും ഉദ്യോഗസ്ഥർക്കും പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് ധനവകുപ്പ് ഏകദേശം 3,74,00,000/- രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. മന്ത്രിമാർക്കായി ഇക്കാലയളവിൽ വാഹനങ്ങൾ വാങ്ങാൻ അനുമതി നൽകിയിട്ടില്ല. |
| (ബി) പ്രളയാനന്തരം, വാഹനങ്ങൾ വാങ്ങുന്നതിൽ ഏതെങ്കിലും തരത്തിലുള്ള നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ധനകാര്യ വകുപ്പ് ഉത്തരവ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | പ്രളയത്തിന്റെ പശ്ചാത്തലത്തിലല്ലെങ്കിലും പൊതുവിൽ വാഹനം വാങ്ങുന്നത് നിയന്ത്രണം ഏർപ്പെടുത്തിക്കൊണ്ടും വകുപ്പുകൾ വാഹനം വാങ്ങുന്നതിന് പകരം ദീർഘകാല കരാർ അടിസ്ഥാനത്തിൽ വാടകയ്ക്ക് എടുക്കണമെന്നും നിഷ്കർഷിച്ചുകൊണ്ട് 15/09/2018-ലെ ഉത്തരവ് നം. 85/2018/ധന പ്രകാരം ധന വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |

അക്കൗണ്ട്സ് ഓഫീസർ